മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ

സുൽത്താൻ ബത്തേരി ഭദ്രാസന ഇടവകയുടെ മെത്രാപ്പോലീത്താ

ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസിൽ നിന്നും

No. 88/2026

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളി വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്,

പ്രിയരെ,

നമ്മുടെ ഭദ്രാസനത്തിന്റെ വികസന പാതയിലെ നിർണായക കാൽവയ്പ്പായ വൈത്തിരി നിർമ്മലഗിരി ഓർത്തഡോക്സ് റിട്രീറ്റ് സെന്ററിന്റെ കല്ലിടീൽ 2025 ഒക്ടോബർ മാസം 23-ാം തീയതി നടന്നു; പണികൾ ആരംഭിച്ച് പുരോഗമിച്ചുകൊണ്ടിരിക്കുന്ന വിവരം ഏവരും അറിഞ്ഞിരിക്കുമല്ലോ. ഭദ്രാസന രൂപീകരണത്തിന്റെ റൂബി ജൂബിലി ആഘോഷിക്കുന്ന ഈ വേളയിലെ 40 പദ്ധതികളിൽ ഒന്നാണ് ഈ സ്വപ്ന പദ്ധതി. ഭദ്രാസനത്തിന്റെ സാമ്പത്തിക ക്ലേശത്തിന് ഇതൊരു പരിധിവരെ പരിഹാരമാകുമെന്നതിനാലാണ് ഈ പദ്ധതി ആരംഭിച്ചിരിക്കുന്നത്.

നമ്മുടെ ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളിലും ആരാധന മുടങ്ങാതെ നടത്തുന്നതിന് ആവശ്യമായ വേതനം നൽകുന്നതിനും, പെൻഷൻ നൽകുന്നതിനും, നിത്യ ചെലവുകൾക്കുമായി ഏകദേശം 25 ലക്ഷം രൂപ ഒരു വർഷം അധികമായി കണ്ടെത്തേണ്ടിയിരിക്കുന്നു. 2023 മുതൽ സഭ നടപ്പിലാക്കിയ വൈദിക വേതന വ്യവസ്ഥയനുസരിച്ച് എല്ലാവർഷവും 6% വർദ്ധനവ് വൈദികർക്ക് നൽകേണ്ടിയിരിക്കുന്നു. ഇതിന് കഴിയാത്ത ചില ഇടവകകളെങ്കിലും നമ്മുടെ ഭദ്രാസനത്തിൽ ഉണ്ട്. കാർഷികവൃത്തിയെ ആശ്രയിച്ച് കഴിയുന്ന നമ്മുടെ ബഹുഭൂരിപക്ഷം വിശ്വാസികളിൽ ആർക്കെങ്കിലും ഒരു കൃഷി നഷ്ടം ഉണ്ടായാൽ അവരെ ഒരു കൈ സഹായിക്കുവാൻ ഇപ്പോൾ നമുക്ക് കഴിയുന്നില്ല. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും ഭദ്രാസന തലത്തിൽ ഫണ്ടില്ല. ഭദ്രാസനത്തിലെ 170 ഭവന രഹിതർക്ക് ഭവനങ്ങൾ എന്ന സ്വപ്നം ഇപ്പോഴും വിദൂരമാണ്. സാമ്പത്തിക ക്ലേശം മൂലം പഠനം പൂർത്തീകരിക്കാൻ കഴിയാത്ത ധാരാളം കുട്ടികൾ ഭദ്രാസനത്തിലുണ്ട്. ഒലിവുമലയിലെ കെട്ടിട വാടകയും നിലച്ചിരിക്കുകയാണ്. കെട്ടിടം സാമൂഹ്യവിരുദ്ധരിൽ നിന്ന് സംരക്ഷിക്കുവാൻ പ്രതിമാസം 25,000 രൂപയോളം ചിലവാവുകയാണ്. അരമനയോട് ചേർന്നുള്ള കെട്ടിടത്തിലും പല മുറികളും ഒഴിഞ്ഞു കിടക്കുകയാണ്.

ക്രിസ്തീയ വിശ്വാസം വലിയ വെല്ലുവിളി നേരിടുന്ന ഈ കാലഘട്ടത്തിൽ ആത്മീയ പ്രസ്ഥാനങ്ങൾ ശക്തിപ്പെടേണ്ടത് ആവശ്യമാണ്. എന്നാൽ ഭദ്രാസനത്തിലെ ആത്മീയ പ്രസ്ഥാനങ്ങൾക്ക് അർഹമായ ഒരു ഗ്രാൻഡ് നൽകുവാൻ ഭദ്രാസനത്തിന് ഫണ്ടില്ല. ഭദ്രാസനതലത്തിൽ ആത്മീയ പ്രസ്ഥാനങ്ങൾ ഒന്നും തന്നെ വാർഷിക ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ നടത്താറില്ല. പണമില്ല എന്നത് തന്നെയാണ് പ്രധാന കാരണം. ഉളിക്കൽ സെന്ററിലെ കെട്ടിടത്തിന്റെ ശോചനീയത പരിഹരിക്കുന്നതിനും പണം ആവശ്യമാണ്.

വയനാടിന്റെ സാമ്പത്തിക ഭൂപടത്തിൽ സജീവമായ വിനോദസഞ്ചാര സാധ്യത പ്രയോജനപ്പെടുത്തി നമ്മുടെ വൈത്തിരിയിലെ പ്രശാന്ത സുന്ദരമായ സ്ഥലത്താണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രകൃതി സുന്ദരമായ വൈത്തിരിയുടെ പ്രശാന്തമായ ആത്മീയ അന്തരീക്ഷത്തിൽ വിശ്വാസികൾക്കും വിനോദസഞ്ചാരികൾക്കും താമസിക്കുന്നതിനും ധ്യാനിക്കുന്നതിനും പള്ളിയോട് ചേർന്ന് ഡൈനിങ്ങ് ഹാൾ, കോൺഫറൻസ് ഹാൾ സൗകര്യങ്ങളോടുകൂടിയ ഡോർമെറ്ററി, വില്ലകൾ എന്നിവ ഉൾപ്പെടുന്ന ഏകദേശം 4 കോടി രൂപയുടെ ഒരു പദ്ധതിയാണിത്. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ബ്രോഷറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

[മറുപുറം]

വീണ്ടും പ്രിയരെ,

ഭദ്രാസനത്തിലെ എല്ലാ പള്ളികളും, വ്യക്തികളും കുടുംബങ്ങളും വൈദീകരോടൊപ്പം പ്രാർത്ഥനാപൂർവ്വം സഹകരിച്ചാൽ ഈ പദ്ധതി എത്രയും വേഗത്തിൽ പൂർത്തീകരിക്കാനാവും. പദ്ധതിയുടെ പ്രാധാന്യം മനസ്സിലാക്കി ഭദ്രാസനത്തിലെ ചില വ്യക്തികൾ വില്ലകൾ നൽകുവാൻ മുന്നോട്ട് വന്നിട്ടുണ്ട് എന്നത് ശുഭോതർക്കമാണ്.

ഈ പദ്ധതിയുടെ നടത്തിപ്പിനായി നിയോഗിതരായിരിക്കുന്ന ഫിനാൻസ് കമ്മറ്റി, വികാരിയുടെയും കമ്മറ്റി അംഗങ്ങളുടെയും നേതൃത്വത്തിൽ നിങ്ങളെ സമീപിക്കുമ്പോൾ നിങ്ങൾ അകമഴിഞ്ഞ് സഹായിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കട്ടെ. ഇടവകകൾ സന്ദർശിക്കുന്ന സമയക്രമീകരണം ചുമതലപ്പെട്ടവർ വികാരി മുഖാന്തിരം നിങ്ങളെ അറിയീക്കുന്നതാണ്.

വാത്സല്യ മക്കളെ,

വയനാടിന്റെ മണ്ണിൽ മറ്റ് സഭകളുടെയും പ്രസ്ഥാനങ്ങളുടെയും അനേക സ്ഥാപനങ്ങൾ തലയുയർത്തി നിൽക്കുമ്പോൾ നമ്മുടേതായ ഒരു സ്ഥാപനം ഈ മണ്ണിൽ ഉണ്ടാകേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

നിങ്ങൾ പ്രാർത്ഥിക്കുക, സഹായിക്കുക, സഹകരിക്കുക.

ശേഷം പിന്നാലെ ദൈവം അനുഗ്രഹിക്കട്ടെ.,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരുടെയും മേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

Barnabas

2026 ഏപ്രിൽ 10-ന്
നിർമ്മലഗിരി അരമനയിൽ നിന്നും

ഡോ.ഗീവർഗീസ് മാർ ബർന്നബാസ് മെത്രാപ്പോലീത്ത